# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ് പാലക്കാട്

**സിവിൽ സ്റ്റേഷൻ , പാലക്കാട് - 678001 ഫോൺ: 04912505106**

**Email:ecostatpkd@gmail.com**


---

## അനുബന്ധം എച്ച് - 4

## നോട്ടീസ്

ശ്രീ.സിദ്ദിഖ്.എസ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 (പൂർവ്വനാമം : എൽ.ഡി.ഇൻവെസ്റ്റിഗേറ്റർ),താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മണ്ണാർക്കാട് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരവും അനുബന്ധം XII A പ്രകാരവും താങ്കൾക്കെതിരായി അച്ചടക്ക നടപടിയെടുക്കാതിരിക്കുന്നതിന് കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിർദ്ദേശിച്ച കൊണ്ട് താങ്കളുടെ പേരിൽ ലഭ്യമായ അഡ്രസ്സിൽ 11/05/2018 തീയതി കുറ്റാരോപണ മെമ്മോ (നം.ഇ2/1745/2018/ഡിഇഎസ്പി തീയതി : 11/05/2018) അയച്ചു തന്നിരുന്നു. എന്നാൽ ആരോപണ പത്രിക മേൽവിലാസക്കാരൻ ഇന്ത്യ വിട്ടു പോയി എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം പാലക്കാട് ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഓഫീസിലേക്ക് തിരികെ ലഭിച്ചിട്ടുണ്ട്. ആയതിനാൽ, ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനകം താങ്കളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റ വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

കുറ്റാരോപണ മെമ്മോ – യുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുൻപ് പാലക്കാട് ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്ന് നേരിട്ട് അപേക്ഷ നൽകി ഓഫീസ് പ്രവൃത്തി സമയത്ത് ശേഖരിക്കുകയോ താങ്കളുടെ അഡ്രസ്സിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചു തരുവാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അച്ചടക്കനടപടി സ്വീകരിക്കുന്ന അധികാരി**

ശ്രീ.കെ.ശ്രീധര വാര്യർ<br>
ഡെപ്യൂട്ടി ഡയറക്ടർ<br>
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, പാലക്കാട്

Dt. Office, Economics & Statistics<br>
Date ....................<br>
Palakkad - 678 001

**സ്വീകർത്താവ്**

ശ്രീ.സിദ്ദിഖ്.എസ്,<br>
S/o ഷാഹുൽ ഹമീദ്,<br>
ചിറവിള പടിഞ്ഞാറ്റത്തിൽ, ചീരൻകാവ്.പി.ഒ,<br>
ഏഴുകോൺ, കൊല്ലം - 691505